തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

**സംഗ്രഹം**

2021 ജൂലൈ 27ന് ചേർന്ന് നിർവാഹകസമിതിയുടെ അൻപത്തിയൊന്നാമത് യോഗത്തിന്റെ 2021-46 ഇനം നമ്പർ തീരുമാനം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം**

**നമ്പർ: 444/2021/എ.എ.ഒ.** **തീയതി: 03-08-2021**

---

പരാമർശം: (1) 22.07.2021 തീയതിയിലെ 444/2021/എ.എ.ഒ.നമ്പർ കുറിപ്പ്.

(2) 2021 ജൂലൈ 27ന് ചേർന്ന നിർവാഹകസമിതിയുടെ 2021-46 ഇനം നമ്പർ തീരുമാനം

(3) 02.08.2021ലെ വൈസ്ചാൻസലറുടെ ഉത്തരവ്.

## ഉത്തരവ്

മലയാളസർവകലാശാലയിലെ വിവിധ സ്കൂളുകളിൽ ഡയറക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം 2021 ജൂലൈ 27ന് ചേർന്ന സർവകലാശാല നിർവാഹകസമിതിയുടെ അൻപത്തിയൊന്നാമത് യോഗം പരാമർശം (1) പ്രകാരം പരിഗണിക്കുകയും, സ്കൂൾ ഡയറക്ടർ /വകുപ്പ് മേധാവി പദവിയിൽ 2 വർഷം കാലാവധി പൂർത്തിയാക്കിയ തദ്ദേശ പഠനസ്കൂൾ, സോഷ്യോളജിസ്കൂൾ, എഴുത്തച്ഛൻ പഠനസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം ഡോ.എം.ജി.മല്ലിക, ഡോ.സുന്ദർ രാജ്(അസോസിയേറ്റ് പ്രൊഫസർമാർ) ഡോ.കെ.എം.അനിൽ (പ്രൊഫസർ) എന്നിവരെ അതത് സ്കൂളുകളിൽ ഡയറക്ടർമാരായി നിയമിക്കുവാനും മാധ്യമപഠനസ്കൂൾ,ചലച്ചിത്രപഠനസ്കൂൾ, ചരിത്രപഠനസ്കൂൾ, പരിസ്ഥിതിപഠനസ്കൂൾ എന്നിവിടങ്ങളിൽ പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർമാരുടെ നിയമനം നടക്കുന്നതുവരെ തൽസ്ഥിതി തുടരുവാനും തീരുമാനിച്ചു.

നിർവാഹകസമിതിയുടെ മേൽതീരുമാനം സർവകലാശാലയിൽ നടപ്പിലാക്കാൻ പരാമർശം(3) പ്രകാരം വൈസ്ചാൻസലർ ഉത്തരവായിട്ടുണ്ട്.

മേൽസാഹചര്യത്തിൽ, 2021 ജൂലൈ 27ന് ചേർന്ന മലയാളസർവകലാശാല നിർവാഹകസമിതിയുടെ അൻപത്തിയൊന്നാമത് യോഗത്തിന്റെ 2021-46 ഇനം നമ്പർ തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശ്വസ്തതയോടെ

രജിസ്ട്രാർ ഇൻ ചാർജ്ജ്

പകർപ്പ്:-വി.സി.കാര്യാലയം/ഫിനാൻസ്,/ജെ.ഡി.കെ.എസ്.എ.ഡി./
ഡോ.എം.ജി.മല്ലിക,ഡോ.സുന്ദർരാജ്(അസോസിയേറ്റ് പ്രൊഫസർമാർ),
ഡോ.കെ.എം.അനിൽ(പ്രൊഫസർ)/സ്കൂൾഡയറക്ടർമാർ.